DESPATCHED
D.....10/03/22

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 173*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **923**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി ടി.പി.രമ,<br>'ഗായത്രി' ഹൗസ്<br>ന്യൂവില്ലേജ്, കൂനിശ്ശേരി പി.ഒ.,<br>പാലക്കാട്,<br>പിൻ – 678 681. | അപ്പീൽ ഹർജിക്കാരി |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,<br>കൊടുമ്പ്, പാലക്കാട് ജില്ല.<br><br>2. അപ്പീൽ അധികാരി&<br>തഹസിൽദാർ,<br>താലൂക്ക് ഓഫീസ്, പാലക്കാട്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.12.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.01.2014 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു(വേണുഗോപാൽ)<br>ഹാജരായിരുന്നു |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി റ്റി.പി.രമ, 10.01.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 20.01.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.173(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച അപേക്ഷയ്ക്ക് അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് ലഭിച്ചതെന്നും ടിയാൾക്ക് ശരിയായ മറുപടി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 18.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊടുമ്പ് വില്ലേജാഫീസിൽ 17.10.2013ന് ഹാജരായവരുടെ പേരും, തസ്തികയും വിലാസവും അറിയിക്കണമെന്നും

2) 17.10.2013വരെ ഉച്ചയ്ക്ക്ശേഷം വൈകിട്ട് 4വരെ ടി ഓഫീസിലെ ഭൂനികുതിയിനത്തിലോ മറ്റോ കളക്ഷൻ തുകയെത്രയായിരുന്നു കൃത്യമായ തുക അറിയിക്കണമെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.11.2013ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.12.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പു കൽപ്പിക്കുന്നതിനായി ടിയാനേയും എസ്.പി.ഐ.ഒ.യേയും 18.12.2013ന് വിചാരണയ്ക്ക് ഹാജരാകുവാൻ ആവശ്യപ്പെട്ടതു പ്രകാരം ഇരുകക്ഷികളും ഹാജരായി സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെന്നും ആയതിൽ ഹർജിക്കാരിയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാൾക്ക് വ്യക്തമായ മറുപടി നൽകണമെന്നും പി.ഐ.ഒ.യുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ഹർജിക്കാരിയുടെ അപേക്ഷ വിവരാവകാശനിയമം 6(3) പ്രകാരം ടി കാര്യാലയത്തിലേയ്ക്കും കളക്ടറേറ്റിലേയ്ക്കും വിജിലൻസ് ഓഫീസിലേയ്ക്കും അയച്ചുവെങ്കിലും ഹർജിക്കാരിയ്ക്ക് നൽകിയ മറുപടിയിൽ ടി കാര്യങ്ങൾ വ്യക്തമാക്കാതെ പ്രസ്തുത വിവരങ്ങൾ ടി ചോദ്യവുമായി ബന്ധപ്പെട്ട ഓഫീസിൽ നിന്നും ശേഖരിക്കേ

ണ്ടതാണെന്നാണ് അറിയിച്ചിരിക്കുന്നത്. എസ്.പി.ഐ.ഒ.യുടെ ഇത്തരത്തിലുള്ള മറുപടി ശരിയായ നടപടിയല്ലെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ ശരിയായതും വ്യക്തമായതും പൂർണ്ണമായതുമായ മറുപടി നൽകേണ്ടതാണെന്നും ആയത് മേലിൽ ആവർത്തിക്കരുതെന്നും ഹർജിക്കാരിയുടെ സ്റ്റേറ്റ്മെന്റിൽ ആവശ്യപ്പെട്ട പ്രകാരം ടിയാൾക്ക് ഇതുസംബന്ധിച്ച മറുപടി വ്യക്തമായി (വായിക്കാവുന്ന തരത്തിൽ) ടി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം നൽകുവാനും നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

4. 22.02.2014ന് ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി 18.11.2013ന് ടി കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയിൽ കാണിച്ചിരിക്കുന്ന 5, 6, 7, 8, 10, 11, 12,13 എന്നീ ഇനം ആവശ്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ നൽകണമെന്നു കാണിച്ച് എസ്.പി.ഐ.ഒ.&ഡി.വൈ.എസ്.പി. വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട്, 3, 5 എന്നീ ഇനങ്ങളുമായി ആവശ്യപ്പെട്ട രേഖകൾ നൽകണമെന്ന് കാണിച്ച് എസ്.പി.ഐ.ഒ.&എസ്റ്റാബ്ലിഷ്മെന്റ് (സീക്രട്ട് സെക്ഷൻ) കളക്ടറേറ്റ്, പാലക്കാട്, 3, 9 എന്നീ ഇനം സംബന്ധിച്ച രേഖകൾ നൽകണമെന്നു കാണിച്ച് എസ്.പി.ഐ.ഒ.&തഹസിൽദാർ, പാലക്കാട് എന്നീ ഉദ്യോഗസ്ഥർക്ക് പ്രസ്തുത അപേക്ഷ (വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം) 22.11.2013ന് കൈമാറുകയും മറ്റ് ആവശ്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് 20.11.2013ന് ഹർജിക്കാരിയ്ക്ക് ടി കാര്യാലയത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരി നൽകിയ ഒന്നാം അപ്പീലിന്മേൽ 26.12.2013ലെ ബി1-2013/28008/9/500 നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ അധികാരി&തഹസിൽദാർ പാലക്കാട് നൽകിയ നിർദ്ദേശമനുസരിച്ചും ഹർജിക്കാരിയുടെ 12.12.2013ലെ അപേക്ഷയ്ക്കുമായി 03.01.2014ന് മറുപടി നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

എന്നാൽ ഹർജിക്കാരിയുടെ അപേക്ഷയിലെ 6, 7, 8, 10, 11, 12, 13 എന്നിവയ്ക്ക് വിവരങ്ങൾ ആവശ്യമാണെന്നും 09.12.0213ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ ഡി.വൈ.എസ്.പി.യുടെ കത്തു പ്രകാരം വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചതെന്നുമാണ്. ടിയാൾ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 29.01.2022ൽ ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/